File No.REV-DRF-A1/477/2019-REV

1229
18/1/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- 2019-ലെ ഓണക്കാലത്ത് പ്രളയദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചിരുന്നവർക്ക് ഓണക്കോടി വിതരണം ചെയ്ത വകയിൽ തിരുവനന്തപുരം, വയനാട്, മലപ്പുറം എന്നീ ജില്ലാ കളക്ടർമാർക്ക് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ)വകുപ്പ്

സ.ഉ.(സാധാ) നം.66/2020/റവ. തീയതി,തിരുവനന്തപുരം, 06/01/2020

പരാമർശം:- 1. 06.09.2019 തീയതിയിലെ സ.ഉ(കൈ) നം.282/2019/റവ

2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 19.09.2019 തീയതിയിലെ എ5/ഇ-193184/19 നമ്പർ കത്ത്.

3. വയനാട് ജില്ലാകളക്ടറുടെ 22.11..2019 തീയതിയിലെ DCWYD/12814/2019-M4നമ്പർ കത്ത്.

4. മലപ്പുറം ജില്ലാകളക്ടറുടെ 16.12..2019 തീയതിയിലെ ജി3/187924/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2019 ലെ ഓണക്കാലത്ത് പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചിരുന്നവർക്ക് ഓണക്കോടി വിതരണം ചെയ്യുന്നതിനും ആയതിന് ചെലവാകുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം തിരുവനന്തപുരം, വയനാട് ,മലപ്പുറം എന്നീ ജില്ലകളിൽ ഓണക്കോടി വിതരണം ചെയ്ത വകയിൽ ചെലവായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി ജില്ലകളിലെ കളക്ടർമാർ പരാമർശം (2) ,(3), (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഒരോ ജില്ലയ്ക്കും ഓണക്കോടി വിതരണം ചെയ്ത ഇനത്തിൽ ചെലവായ തുക താഴെ പറയും പ്രകാരമാണ്.

| ക്രമനം | ജില്ല | ചെലവായ തുക (രൂപയിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 3,82,009 |
| 2. | വയനാട് | 57,798 |
| 3. | മലപ്പുറം | 23,326 |
| ആകെ | | **4,63,133/-** |

2. സർക്കാർ വിഷയം പരിശോധിച്ചു. 2019 ലെ ഓണക്കാലത്ത് പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചിരുന്നവർക്ക് ഓണക്കോടി വിതരണം ചെയ്ത വകയിൽ തിരുവനന്തപുരം, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ കളക്ടർമാർക്ക് മേൽ പ്രകാരം ചെലവായ ആകെ തുകയായ 4,63,133- രൂപ( നാല് ലക്ഷത്തി അറുപത്തിമൂവായിരത്തി ഒരുനൂറ്റി മുപ്പത്തിമൂന്ന രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന ആകെ തുകയായ 4,63,133- രൂപയിൽ 3,82,009/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടർക്കും, 57,798/- രൂപ വയനാട് ജില്ലാ കളക്ടർക്കും, 23,326/- രൂപ മലപ്പുറം ജില്ലാ കളക്ടർക്കും എന്ന ക്രമത്തിൽ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതാണ്.

File No.REV-DRF-A1/477/2019-REV

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എല്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം/വയനാട് /മലപ്പുറം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/സി ) വകുപ്പ്

ദുരന്ത നിവാരണ (എ) വകുപ്പ്

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by DEEPU S S
Date: 2020.01.06 1?:51:35 IST
Reason: Approved
സെക്ഷൻ ഓഫീസർ